രിക്കുക, ഡിപ്പാർട്ട്മെന്റിൽ "സേവക്കു കൊമ്പുവിളി"ക്കുന്നവർക്കു മറവുള്ളവരുടെ അവകാശത്തെ വിഗണിച്ചു" അവർക്കു കയറാം കൊടുക്കാതെയിരിക്കുക, മില്ലിലെ വാച്ചുറന്മാർക്കു" അതാതുമാസത്തെ ശമ്പളം അതാതുമാസത്തിൽതന്നെ കൊടുക്കുക ഇതൊക്കെ നടപ്പിൽ വരുത്തുവാൻ ആ ഡിപ്പാർട്ട്മെന്റു മേലദ്ധ്യക്ഷന്റെ ഭീരുത്വം തീരെ നശിപ്പിക്കുക. മനഃസാക്ഷി അനുസരിച്ചു പ്രവൃത്തിക്കുന്ന ആളാണു" അദ്ദേഹം. അദ്ദേഹത്തിനെ ഞാൻ കുറ്റം പറയുകയില്ല. പക്ഷെ അദ്ദേഹത്തിനു സ്വല്പം അധൈര്യമുണ്ടു". എന്നാൽ നീതി പ്രവൃത്തിക്കുന്നതിനു" ആരേയും ഭയപ്പെടേണ്ടതില്ല. അദ്ദേഹത്തിനു ഞങ്ങളുടെ പിൻതുണയുണ്ടു". പിന്നെ അപ്രായോഗികതത്വം മാറ്റിവെച്ചു നെല്ലായി ആവശ്യപ്പെടുന്നവർക്കു കഴിയുന്നിടത്തോളം നെല്ലായിത്തന്നെ കൊടുക്കുക, അപ്രായോഗികതയുടെ തണലിൽ പറ്റിനില്ക്കാതെ, പ്രാക്ടിക്കൽ പോളിറ്റിക്സിന്റെ തത്വം മാറ്റിവെച്ചു വേണ്ടതെന്തോ അതു നീതിയോടെ ധൈര്യത്തോടെ പ്രവൃത്തിക്കുക ഇതൊക്കെയാണു" എനിക്കു പറയാനുള്ളതു".

പിന്നെ ഒരു മെമ്പർപറഞ്ഞുകേട്ട ചില താലൂക്കുകളിൽ നല്ല അരി കൊടുക്കുന്നുണ്ടെന്നു". അതിൽ ആശ്ചര്യം അസൂയപ്പെടേണ്ടകാര്യം ഇല്ല. എന്തെന്നാൽ ചിറവൂർ താലൂക്കിലും തലപ്പിള്ളി താലൂക്കിലുമാണു" നെല്ലുണ്ടാകുന്നതു". സർപ്ലസുള്ള താലൂക്കുകളാണവ. അവർ കൃഷിചെയ്യുണ്ടാക്കുന്ന നെല്ല ഗവർമ്മേണ്ടു എടുത്തു അതിനുപകരം വല്ല ദിക്കിലും നിന്നും വരുന്ന നാറിയ അരി കൊടുക്കുന്നതു നീതിയല്ല. എന്നല്ല, അവർക്കു നല്ലഅരി കൊടുത്തില്ലെങ്കിൽപിന്നെ അവിടെനിന്നു നെല്ല കിട്ടാൻ സാധിച്ചില്ലെന്നും വരും.

പിന്നെ ഫെയർപ്രൈസു" ഷോപ്പുകൾ തീരെ നിറുത്തണമെന്നു ബഹുമാനപ്പെട്ട നെല്ലായിമെമ്പർ പറഞ്ഞതിനോടു തീരെ യോജിക്കാൻ നിവൃത്തിയില്ല. ഈ ഫെയർപ്രൈസു" ഷോപ്പുകൾ നടത്തുന്നതുകൊണ്ടാണു" മറവു കച്ചവടക്കാർ മുതലാദയായിട്ടു പെരുമാറുന്നതു". അതു എടുത്തുകളഞ്ഞാൽ മറവുള്ള ഷാപ്പുകാർ അവരുടെ ഇഷ്ടംപോലെ ചെയ്യുമെന്നുള്ളതിൽ സംശയമില്ല. എല്ലാപേരുമങ്ങിനെ ആണെന്നുപറയുന്നില്ല.

ഇന്നത്തെ ക്ഷീരവകുപ്പിന്റെ അദ്ധ്യക്ഷൻ കൃഷിനടത്താനുള്ള ബുദ്ധിമുട്ടുകളെ പരിഹരിക്കുക, കീഴുദ്യോഗസ്ഥന്മാരുടെ അക്രമങ്ങൾ കണ്ടുപിടിക്കുക, മുതലായി ആവകുപ്പിന്റെ നന്മയ്ക്കാവശ്യമായതൊക്കെ ധൈര്യമായി നടത്തുന്നതിനായികൊണ്ടു നിയമസഭയുടെ അനുവാദത്തോടുകൂടി ഞാൻ ഇതു" പിൻവലിക്കുന്നു.

Cut-motion, by leave, withdrawn.

CUT MOTION No. 28

Abolition of Fair Price Shops

***Mr. Joseph C. Cherayath** *(Nellayi):* Sir, will I be permitted to move this cut motion standing in my name with some alterations regarding the object of the cut. As it is the object of the cut motion is to see that the fair price shops are abolished. I would like to amend it this way. "To see that the fair price shops are abolished in all places where private agencies are willing and ready to run the shops."

Mr. Panel Chairman: The amendment is allowed.

Mr. Joseph C. Cherayath *(Nellayi):* I wish to make this distinction because several of the Hon'ble Members here are of opinion that fair price shops are necessary.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether it is amended?

Mr. Joseph C. Cherayath *(Nellayi):* Yes. There are fair price shops and ordinary shops in almost all villages. In the town we have one or two fair price shops and 20 or 25 licensed shops. I do not bring this motion against the licensed shops, but only those fair price shops which are conducted by Government. We find in every fair price shop one manager, one or two assistants and one or two peons. These shops, I say, cannot do no other service than the licensed shops, but they are a great burden on public funds and they give more worry to the people and at the same time they are less serviceable to the people. That is what I have to say. In a fair price shop which opens from 11 a.m. to 5 p.m. with an interval of about one or one and a half hours the card-holders find it very difficult and very inconvenient to go and get their ration.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Eachara Menon *(Chittur-Tattamangalam):* They are opened at 8 a.m.

Mr. Joseph C. Cherayath *(Nellayi):* The service that these shops are rendering to the people is that they distribute in addition to kerosine some sugar also. There will be one fair price shop distributing sugar for 5 or 6 villages together and these people will have to go from their villages for their sugar to this shop. I do not think it is rather strange that these licensed shops which are run, according to me, more decently and with better arrangements, are not given sugar for distribution. I think these shops may be entrusted with the distribution of sugar. With these few remarks that if the fair price shops are abolished, I think, it can bring about a gain of about 15 to 20 thousand rupees to the department. There are about 104 shops and 300 employees in these shops and their pay would come to about 12 thousand rupees including dearness allowance. These shops can be maintained only for the purpose of giving employment to these people and no other purpose is served.

മിസ്റ്റർ പി. കെ. ഡീവർ : സർ, ഈ ഫെയർപ്രൈസ് ഷാപ്പുകൾ വേണ്ടെന്നു വെക്കുന്നതു് എത്രമാത്രം അഭിലഷണീയമായിരിക്കുമെന്നുള്ള കാര്യത്തിൽ എനിക്കു വലുതായ സംശയമുണ്ടു്. ഒരു കാലത്തു ഈ ഫെയർപ്രൈസു ഷാപ്പുകൾ വളരെ പ്രയോജനകരമായിരുന്നു. ഇപ്പോഴും അങ്ങിനെതന്നെ ആണു്. മറ്റു കച്ചവടക്കാരുടെ അക്രമങ്ങളെ തടയുന്നതിനു ഇങ്ങിനെയുള്ള ഷാപ്പുകൾ വെച്ചുകൊണ്ടിരിക്കുന്നതു നല്ലതാണു്. ഇന്നു അതിന്റെ പ്രവർത്തനത്തിൽ വല്ല ദോഷങ്ങളും വന്നിട്ടുണ്ടെങ്കിൽ അതു പരിഹരിക്കയല്ലാതെ അതു തീരെഎടുത്തുകളയാൻ പാടില്ല. ദീട്ടെയിൽ ഡീലേഴ്സു് പലപ്പോഴും പൊതുജനങ്ങളുടെ ക്ഷേമത്തെക്കാൾ അവരുടെ ലാഭത്തെയാണു കണക്കാക്കുക. അതുകൊണ്ടു ജനങ്ങൾക്കാവശ്യമുള്ളതാണെങ്കിലും പറയത്തക്ക ലാഭംകിട്ടാൻ നിവൃത്തിയില്ലാത്ത സാധനങ്ങൾ അവർകൊണ്ടുവരികയില്ല. പാവപ്പെട്ട വേലക്കാർ കാലത്തുമുതൽ പണിയെടുത്തു വൈകുന്നേരം അതുമ്പോൾ അവരുടെ കാർഡുംകൊണ്ടു അരി മേടിക്കുവാൻ ഫെയർപ്രൈസ് ഷാപ്പിൽചെല്ലുമ്പോൾ അവക്കു അരികിട്ടാൻ വല്ല വിഷമങ്ങളുമുണ്ടെങ്കിൽ അതു പരിഹരിക്കപ്പെടുകയാണു് വേണ്ടതു്. അതിനാണു പരിശ്രമിക്കേണ്ടതു്. ഇന്നു ഈ ഫെയർപ്രൈസ് ഷാപ്പുകൾ ഇല്ലെങ്കിൽ നിശ്ചയമായും റിട്ടയിൽഷാപ്പുകാർ വലിയ അനീതികൾ കാണിക്കും. ഗവർമ്മേണ്ടു കച്ചവടക്കാരുടെ ലാഭത്തെ അല്ല, ജനങ്ങളുടെ ഔകര്യത്തെയാണു് നോക്കേണ്ടതു്. ഫെയർപ്രൈസ് ഷാപ്പുകളിലെ ഉദ്യോഗസ്ഥന്മാർ സർക്കാരുദ്യോഗസ്ഥന്മാർ ആയതുകൊണ്ടു ജനങ്ങളോടു ഉത്തരവാദപ്പെട്ടവരാണു്. അവർ അവരുടെ ഉത്തരവാദിത്വം ശരിക്കു നിവ്വഹിക്കുന്നില്ലെങ്കിൽ അവരെകൊണ്ടു് അതു ചെയ്യിക്കാൻകഴിയും. കച്ചവടക്കാർക്ക് അങ്ങിനെയുള്ള ഉത്തരവാദിത്വം നമ്മളോടില്ല. ഇന്നു ഒരു കച്ചവടക്കാരന്റെ അടുക്കൽ ചെന്നാൽ അവൻ എത്രധികാരത്തോടുകൂടി ആണു് നമ്മളോടു പെരുമാറുന്നതു് എന്നതു നമ്മൾക്കറിയാം. പണ്ടു് നമ്മെ ആശ്രയിച്ചു നമ്മളുടെ സേവയ്ക്കുനിന്നിരുന്ന അവർ ഇന്നു സാമാനങ്ങൾ കിട്ടാൻ വിഷമമായതുകൊണ്ടു്, ഇന്നു നമ്മൾ അവരെ ആശ്രയിച്ചാലേ സാമാനം കിട്ടുകയുള്ളുവെന്നുള്ളതുകൊണ്ടു് അവർ വളരെ ധിക്കാരമായിട്ടു പെരുമാറുകയാണു്. ഈ ഗതി ഇന്നു നമ്മൾ നല്ലപോലെ ആലോചിക്കേണ്ടതാണു്. അതുകൊണ്ടു് ഈ ഫെയർപ്രൈസ് ഷാപ്പുകൾ എടുത്തു കളയരുതെന്നാണു് എനിക്കു പറയാനുള്ളതു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. Chairman, I support the resolution in its amended form.

A voice: What is the amended form.

***Mr. P. Kumaran Ezhuthassan** *(Vadakkancheri):* I was informed by the Chair that it is amended.

With my experience as President of the Taluk Advisory Committee I have seen instances o villagers crying for fair price shops being established. As a result all the departmental offi cers, Assistant Supply Officers and Field Officers and even influential local jenmies and even their exhortations to the traders they are failing to make them accept licenses and work these shops. In such cases a fair price shop alone is the salvation for these people. So fair price shops should be trust upon in parts where it is publicly condemned. Fair price shops as a class to be abolished is also not practical. In the amended form it is correct. The department has to pay for the Manager, the Assistant Manager, the Measurer, the Assistant Measurer and so on and also pay the rents for the building which at times is fixed not on the considerations of the strength or utility of the building, but on different considerations which I need not mention here. It is

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

easily understood. I should like to say, I fail to see, how these shops which do work that they are doing are styled as fair price shops. If fair price, the prices are not anything different from prices prevailing in other shops, I do not know anything fair in these shops. But the proposition in the amended form is certainly to be worked out to reduce unnecessary expenditure for the department. The latest report is the fair price shops are many in number. Wherever there is an agency coming forward it must be handed over to that agency and the Government institution abolished.

*മിസ്റ്റർ പി. നാരായണമേനോൻ ; സർ, ഈ കട്ടമോഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ടമെമ്പർ ഫെയർപ്രൈസ് ഷാപ്പ് എടുത്തുകളഞ്ഞാൽ ഗവർമ്മെണ്ടിനു ഒരു വലിയ സംഖ്യ ആദായമുണ്ടാകുമെന്നും അതുകൊണ്ട് അതു എടുത്തുകളയേണ്ടതാണെന്നുമാണ് അഭിപ്രായപ്പെട്ടതു്. ഇതിൽ ഒരു സംഗതി പ്രത്യേകം ആലോചിക്കേണ്ടതു് ഫെയർപ്രൈസ് ഷാപ്പുകൾക്കവേണ്ടി ഗവർമ്മേണ്ടു എന്തു ചിലവു ചെയ്യുന്നുവൊ ആ സംഖ്യ മറ്റു വീടെയിൽ ഡീലേഴ്സിനു കിട്ടത്തക്കവിധത്തിൽഒരു മാർജിൻവെച്ചു് റേഷൻകാർഡ്കാക്കു സാമാനം വിതരണം ചെയ്യുന്നജോലി റിട്ടെയിൽഡീലേഴ്സിനെ ഏല്പിക്കുന്നതിനു ഗവർമ്മെണ്ടു് വിചാരിച്ചിട്ടില്ല. ഫെയർപ്രൈസ് ഷാപ്പുകാർക്ക ആ ഷാപ്പുനടത്തുവാൻ എന്തു ചിലവു വരുമോ ആ ചിലവു റിട്ടയിൽഷാപ്പുകാക്കും ഉണ്ടാകും. അപ്പോൾ റിട്ടയിൽഷാപ്പുകാക്കു വേണ്ടി വരുന്ന ആ സംഖ്യ ഗവർമ്മെണ്ടിനു ഫെയർപ്രൈസ് ഷാപ്പുകാക്കുവേണ്ടി ചിലവാകുന്ന ആ സംഖ്യ—റിട്ടയിൽഷാപ്പുകാർ ഫെയർപ്രൈസ് ഷാപ്പുകാരെപോലെതന്നെ ഒരേവിലയ്ക്കു സാമാനം വില്ക്കുകയാണെങ്കിൽ, എങ്ങിനെ ഉണ്ടാക്കാൻ കഴിയുമെന്നു നമ്മൾ ആലോചിക്കേണ്ടതാണ്. ബ്ലാക്ക്മാക്കറിനെകുറിച്ചും മറ്റും ഇവിടെസംസാരിക്കുകയുണ്ടായി. വാസ്തവത്തിൽ റിട്ടയിൽഷാപ്പുകാരൻ ആ സംഖ്യയുണ്ടാക്കാൻ ബ്ലാക്കുമാക്കറു നടത്താതെ സാധിക്കുമെന്നു തോന്നുന്നില്ല. അയാൾ അതിനു നിർബന്ധിതനാകുന്നുണ്ടു്. ഇന്നു നമ്മുടെ നാട്ടിൽ കളവും അക്രമങ്ങളും നടക്കുന്നുണ്ടെങ്കിൽ അതു പരിതസ്ഥിതികളുടെ പ്രേരണകൊണ്ടുമാത്രമാണ്. നമ്മളുടെ കുട്ടികൾ ഇന്നു കള്ളംപറയുന്നുണ്ടെങ്കിൽ അതിനുത്തരവാദികൾ അവരല്ല. അവരെ വളത്തുന്ന രക്ഷാകർത്താക്കന്മാരാണ്. അങ്ങിനെ അല്ലാതെ ജന്മനാ ഒരു കുട്ടിയും കള്ളംപറയുന്നതിനുള്ള സാമർത്ഥ്യത്തോടുകൂടി ജനിക്കുന്നില്ല. ഇന്നു ഫെയർപ്രൈസ് ഷാപ്പുകാക്കു കൊടുക്കുന്ന ആനുകൂല്യം റിട്ടയിൽഷാപ്പുകാരോടു കാണിക്കാത്ത ഗവർമ്മേണ്ടിന്റെ ചിറ്റമ്മനയമാണ് റിട്ടയിൽ ഷാപ്പുകാർ വല്ല വഞ്ചനയും കാണിക്കുന്നുണ്ടെങ്കിൽ അവരെ അതിനു നിർബ്ബന്ധിതരാക്കുന്നതു്. ഫെയർപ്രൈസ് ഷാപ്പിന്റെ നടത്തിപ്പിനു എന്തു ചിലവുവരുന്നുണ്ടോ അതുയും സംഖ്യ കിട്ടത്തക്കവിധത്തിൽ മാർജിൻ റിട്ടയിൽഷാപ്പുകാർക്കും അനുവദിച്ചു കൊടുക്കുക ആണ്വേണ്ടതു്.

എനിക്കു ഫെയർപ്രൈസ് ഷാപ്പു എടുത്തുകളയണമെന്നു അഭിപ്രായമില്ല. പക്ഷെ ഫെയർപ്രൈസ്ഷാപ്പുകൾ നടത്തുന്നതോടൊപ്പം റിട്ടയിൽഷാപ്പുകാരോടും കുറെകൂടി ദയവായും അവക്കുനഷ്ടം വരാത്തതരത്തിലും പെരുമാറണമെന്നേ അപേക്ഷയുള്ളൂ. വാസ്തവത്തിൽ ഈ ഫെയർപ്രൈസ്ഷാപ്പിനുവേണ്ടി ഗവർമ്മേണ്ടിനു ചിലവാകുന്നതു ഒരു സംഖ്യ ആദായമുണ്ടാകത്തക്ക ഒരു ആനുകൂല്യം റിട്ടയിൽഷാപ്പുകാക്കും നൽകേണ്ടതാണെന്നാണ് എനിക്കു പറയാനുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഫെയർപ്രൈസ് ഷാപ്പുകൾ തുടങ്ങാനുള്ള കാരണങ്ങളെക്കുറിച്ചു ഗാഢമായി ആലോചിക്കേണ്ടതാണു്. ലൈസൻസ്സ് പീടികക്കാർ അളവുകൊടുക്കുന്നതിലും തൂക്കം കൊടുക്കുന്നതിലും എത്ര ആണ് കുറയ്ക്കുന്നതെന്നു ഇടയ്ക്കിടയ്ക്കു പരിശോധിച്ചു ഞാൻ മനസ്സിലാക്കീട്ടുണ്ടു്. ഈ ഫെയർപ്രൈസ് ഷാപ്പ് നടത്തുന്നതിനു് ചിലവുവരുന്ന സംഖ്യ മറ്റുള്ള ഷാപ്പുകൾക്കും അനുവദിച്ചുകൊടുക്കണമെന്നാണു് ഇപ്പോൾ പറഞ്ഞുകേട്ടതു്. എന്നാൽ ഒരു കാര്യം ആലോചിക്കേണ്ടതുണ്ടു്. കച്ചവടം നടത്തുന്നതിൽ ആദായം ഇല്ലെങ്കിൽ ആളുകൾ കഷ്ടപ്പെട്ട ഓടിനടന്നു എനിക്കുതരണേ, എനിക്കുതരണേ എന്നും പറഞ്ഞു പുറപ്പെടുമോ ?

മിസ്റ്റർ പി. നാരായണമേനോൻ: ബ്ലാക്ക്മാക്കറുമൂലം ആദായം കിട്ടും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെയാണെങ്കിൽ ഈ സംഖ്യ കൊടുത്താൽ ബ്ലാക്ക്മാക്കറ് നിറുത്താൻ സാധിക്കുമോ ? ഇല്ല. അപ്പോൾ ഈ അഭിപ്രായം ശരിയല്ല. എനിക്കു പറയാനുള്ളതു് ഈ ഫെയർപ്രൈസ് ഷാപ്പുകൾ എടുത്തുകളയരുതു്.

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: സർ, ഫെയർപ്രൈസ് ഷാപ്പുകളേയോ, ലൈസൻസ്സ് ഷാപ്പുകൾ എന്നു പറയുന്ന സ്വകാര്യഷാപ്പുകളേയോ അല്ല ഗവർമ്മെണ്ട് പ്രോത്സാഹിപ്പിക്കേണ്ടതു്. ഗവർമ്മെണ്ട് പ്രോത്സാഹിപ്പിക്കേണ്ടതു് നാട്ടുകാരുടെ വകയായ സഹകരണസംഘങ്ങൾവഴി നടത്തപ്പെടുന്ന ഷാപ്പുകളേയാണു് (ഹിയർ, ഹിയർ) ഭക്ഷണപദാർത്ഥങ്ങളും മറ്റു നിയന്ത്രിതസാധനങ്ങളും വിതരണം ചെയ്യുന്ന കാര്യത്തിൽ, നാട്ടുകാരുടെ സ്നേഹവും വിശ്വാസവും അവരുടെ സഹകരണവും അനുസരിച്ചു പ്രവർത്തിക്കാൻ ഈ പ്രസ്ഥാനം പോലെ മറ്റു യാതൊന്നും ഉപകരിക്കുമെന്നു തോന്നുന്നില്ല. ഈ പ്രസ്ഥാനത്തിനു് പലേ തരത്തിലുള്ള പ്രോത്സാഹനങ്ങളും നൽകാൻ ഈ ഡിപ്പാർട്ട്മെണ്ടു് ഇതിനുമുമ്പുതന്നെ ആലോചിക്കേണ്ടതായിരുന്നു. സഹകരണപ്രസ്ഥാനത്തോടുള്ള അവജ്ഞകൊണ്ടോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ദുഷ്പ്രേരണകൾക്കു വശംവദരായിട്ടോ എന്തോ, നമ്മളുടെ ഫുഡ് ഡിപ്പാർട്ട്മെണ്ടു് സഹകരണപ്രസ്ഥാനത്തെ ഈ കാര്യത്തിൽ കാര്യമായൊന്നും പ്രോത്സാഹിപ്പിച്ചിട്ടില്ലെന്നുള്ള പരിതാപകരമായ ഒരവസ്ഥയാണു് നമ്മളുടെ മുമ്പിലുള്ളതു്. നമ്മളുടെ രാജ്യത്തിലെ നൂറുകണക്കിനുള്ള ലൈസൻസ്സ് ഷാപ്പുകൾക്കും ഫെയർപ്രൈസ് ഷാപ്പുകൾക്കും പകരം "കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ" ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നെന്നു ഞാൻ ഇടയ്ക്കിടയ്ക്കു ആലോചിക്കാറുണ്ടു്. നാട്ടുകാരുടെ വകയായ ഈ പ്രസ്ഥാനത്തെ വളർത്തികൊണ്ടുവരാൻ ഈ ഡിപ്പാർട്ട്മെണ്ടു് ശ്രദ്ധിച്ചിരുന്നെങ്കിൽ കൊച്ചിരാജ്യത്തിലെ ഓരോ വില്ലേജിലും ഓരോ സഹകരണ സംഘമെങ്കിലും ഇപ്പോൾ ഉണ്ടാകുമായിരുന്നു. ഒരു സഹകരണസംഘം ഈതരം പ്രവർത്തനത്തിനായി മുന്നോട്ടുവരികയാണെങ്കിൽ യാതൊരു പ്രയാസവുംകൂടാതെ ഈ ജോലിചെയ്യാൻ കഴിയുമെന്നു എന്റെ സ്വന്തം അനുഭവത്തിൽനിന്നു എനിക്കു മനസ്സിലായിട്ടുണ്ടു്. എന്റെ വില്ലേജിലുള്ള ഒരു സഹകരണസംഘത്തിന്റെ ഭാരവാഹിത്വം വഹിക്കുന്ന ആൾ എന്ന നിലയിൽ എനിക്കു ഇതു് പറയാൻ കഴിയും. ആ പീടികയിൽ ഇരുന്നൂറോളം കാർഡുകളെ ഉള്ളു എങ്കിലും ചില മാസങ്ങളിൽ ഫ ൦ ൦ രൂപയോളം ലാഭമുണ്ടാക്കാൻ സാധിക്കുന്നുണ്ടു്. രണ്ടാമതു ഒരു രൂപാ വീതം ശമ്പളവും മറ്റു അത്യാവശ്യം വരുന്ന ചിലവുകളും കഴിച്ചാലും മാസംതോറും ശരാശരി ൪൦൦, ൫൦൦ രൂപ ലാഭമുണ്ടാക്കാൻ കഴിയുന്നുണ്ടു്. ഈ സംഘമാണെങ്കിൽ മൂലധനം യാതൊന്നുമില്ലാത്ത ഒരവസ്ഥയിൽനിന്നു വളർന്നുവന്നിട്ടാണു് ജനങ്ങൾക്കു ചുരുങ്ങിയകാലംകൊണ്ടു് ഇത്രയും സഹായം ചെയ്യുവാൻ അതിനു കഴിഞ്ഞതു്. ഒരു സഹകരണസംഘമെന്ന നിലയിൽ ൫൦൦, ൬൦൦ ക. ഓഹരി സംഖ്യ പിരിച്ചു വളർന്നുവന്ന ഗവർമ്മെണ്ടിന്റെ കയ്യിൽനിന്നു ഫ൦൦൦ രൂപ സഹായമായി മേടിച്ചു നൂറോ, നൂറ്റമ്പതോ മാത്രം അംഗങ്ങളായി നടത്തിവന്ന ആ സംഘത്തിനു് ഇന്നു ൫,൦൦൦-ൽ അധികം രൂക സമ്പാദ്യമുണ്ടു്. നാട്ടുകാർക്കു് ആകെന്നതുപോലെയുള്ള സഹായങ്ങൾ ചെയ്യാൻ ആ സംഘത്തിനു് കഴിഞ്ഞിട്ടുണ്ടു്. ഇങ്ങിനെയുള്ള പ്രസ്ഥാനങ്ങൾ നടത്തണമെന്നു ഗവർമ്മെണ്ടിനാഗ്രഹമുണ്ടെങ്കിൽ ആളെ കിട്ടാൻ യുദ്ധത്തിന്റെ പേരിൽ വളരെ ആളുകൾ നാട്ടിൽനിന്നു പോയിട്ടുള്ള ഈ അവസരത്തിൽപോലും, സ്റ്റുഡന്റ്സ്റ്റർമാരേയോ, അതുപോലെയുള്ള മറ്റാളുകളേയോ പ്രവർത്തകന്മാരായി കിട്ടാൻ, വിഷമമില്ലെന്നു ഗവർമ്മെണ്ടിനെ അറിയിക്കേണ്ടതുണ്ടു്. അങ്ങിനെ പ്രവൃത്തിക്കാൻ ഭക്ഷ്യവകുപ്പിനു് ഉത്സാഹമുണ്ടെങ്കിൽ ഇന്നും അതു് നടത്താൻ കഴിയുന്നതാണു്. ഫെയർപ്രൈസ് ഷാപ്പുകൾക്കും സഹകാര്യഷാപ്പുകൾക്കും കൊടുക്കുന്ന വിതരണജോലി സഹകരണപ്രസ്ഥാനത്തെ ഏല്പിച്ചുകൊടുക്കേണ്ടതാണു്. അങ്ങിനെ സഹകരണപ്രസ്ഥാനം ഏറ്റെടുക്കുന്ന ജോലിയിൽ വല്ല ന്യൂനതകളും ഉണ്ടെങ്കിൽ അതു് എളുപ്പത്തിൽ കണ്ടുപിടിച്ചു ഗവർമ്മെണ്ടിനു് പരിഹരിക്കാൻ കഴിയുന്നതാണു്.

നമ്മളുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലകളെ ഉയർത്തണമെന്നു ഗവർമ്മെണ്ടു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അതിനായി സഹകരണപ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നു ഗവർമ്മെണ്ടിനു് തോന്നുന്നുണ്ടെങ്കിൽ, അതിന്റെ ആദ്യപടി ഈ ക്ഷേണസാധനങ്ങളുടെ വിതരണഭാരം ഈ സഹകരണപ്രസ്ഥാനങ്ങൾക്കു ഏല്പിച്ചുകൊടുക്കുകയാണു്. അതുവഴി പ്രസ്ഥാനത്തിനു് വളരുവാൻ കഴിയുന്നതാണു്. തീച്ചയായും സഹകരണപ്രസ്ഥാനങ്ങളുടെ നേരെ നിങ്ങളുടെ ശ്രദ്ധ പതിയേണ്ടതാണെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ ജോസ്. കെ. വട്ടീസ്: സർ, ഫെയർപ്രൈസ് ഷാപ്പു നിരത്തണമെന്നോ നടത്തണമെന്നോ ഉള്ള അഭിപ്രായങ്ങളെക്കുറിച്ചു ഞാൻ ഒന്നും പറയാൻ വിചാരിക്കുന്നില്ല. എനിക്കാദ്യമായി പറയാനുള്ളതു് പേരിനോടുള്ള വെറുപ്പിനെക്കുറിച്ചാണു്. "ഫെയർപ്രൈസ്"

LIBRARY ARCHIVES Kerala Legislative Assembly

ഷാപ്പ്''' എന്ന പറയുമ്പോൾ കേട്ടാൽ മയ്യാദയിൽ പെട്ടതു് അതു് മാത്രമേയുള്ളുവെന്നതോന്നിപ്പോകും. ഈ ഷാപ്പിനു് അടുത്തു നടത്തുന്ന ഷാപ്പുകാർ ചിലപ്പോൾ ഇവരേക്കാൾ മയ്യാദക്കാരായിരിക്കും. അതുകൊണ്ടു് എനിക്കു ഗവർമ്മെണ്ടിനോടു പറയാനുള്ളതു്. ഈ ഷാപ്പിനു് ഫെയർപ്രൈസ് എന്ന പേർ കൊടുത്തു മറവുള്ള കച്ചവടക്കാരെക്കൊക്കെ അപമാനപ്പെടുത്തരുതെന്നാണു്. ഫെയർപ്രൈസ് ഷാപ്പു് എന്ന പേർ മാറ്റി ''ഗവർമ്മെണ്ടു കൺട്രോൾഡ് ഷാപ്പ്''' എന്നോ മറ്റൊരു പേർ കൊടുത്താൽ കൊള്ളാമെന്നു മാത്രമാണു് എനിക്കു പറയാനുള്ളതു്.

Mr. P. K. Paul *(Chalakkudi):* There are certain disadvantages with regard to the existing fair price shops; but if you just abolish these shops, I think the conditions are going to be worse, for we cannot expect the ideal state to exist. An ideal state is a state of perfection beyond which improvement is impossible and hence it is only one more of imagination rather than of practical realisation. There may be certain imperfections and disadvantages with respect to everything and it is desirable to make some better efforts to see that these fair price shops are properly run. If you abolish these shops I think the condition will be going worse "from the frying pan to the fire". So I do not fully support the abolition of the fair price shops. The policy of the adoption of co-operative stores, just advocated by the Hon'ble Member for Urakam, is highly desirable. By running the shops on co-operative lines instead of these fair price shops continued as such, it is condusive of better beneficial effects in the future. So I advocate the formation of co-operative stores and the working on those lines.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഫെയർപ്രൈസ് ഷാപ്പു് എടുത്തുകളയണമെന്ന അഭിപ്രായത്തോടു് യോജിക്കാൻ എനിക്കു നിവൃത്തിയില്ല. ആ വാദം ഇവിടെ കൊണ്ടുവന്നിട്ടുള്ള ആളുകൾ വാസ്തവത്തിൽ കൂലിവേലക്കാരായ ആളുകളുടേയും ഇടമദ്ധ്യകാരായ കൃഷിക്കാരുടേയും ബുദ്ധിമുട്ടു എന്തായിരിക്കുമെന്നു ആലോചിച്ചിട്ടില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഫെയർപ്രൈസ് ഷാപ്പുകൾ എടുത്തുകളഞ്ഞാൽ സാധനങ്ങൾ ശരിയായ വിധത്തിൽ വിതരണം ചെയ്യാൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല. ഫെയർപ്രൈസ് ഷാപ്പുകൾ ഏർപ്പെടുത്തിയതുതന്നെ ജനങ്ങൾക്കു വിഭവങ്ങൾ ശരിയായ ഒരു നിലയിൽ കിട്ടാതെയിരുന്നിട്ടുള്ള ഒരു പരിതഃസ്ഥിതിയിലാണു്. അന്നത്തെ ആ പരിതഃസ്ഥിതികൾ ഇന്നും മാറിട്ടില്ല; ഭക്ഷണസാധനങ്ങൾ—വിഭവങ്ങൾ—ഈ രാജ്യത്തിലെ ജനങ്ങൾക്കു സമൃദ്ധിയായി ലഭിക്കത്തക്ക പരിതിസ്ഥിതി ഇനിയും ഉണ്ടായികഴിഞ്ഞിട്ടില്ല, ജനങ്ങൾക്കു ഭക്ഷണക്ഷാമം ഇനിയും മാറികഴിഞ്ഞിട്ടില്ല. ആ ഒരു ബുദ്ധിമുട്ടു ശരിയായി പരിഹരിക്കപ്പെടുന്നതുവരെ ഫെയർപ്രൈസ് ഷാപ്പുകൾ വേണമെന്നാണു് എന്നേപ്പോലെയുള്ളവരുടെ ബലമായ അഭിപ്രായം.

ഈ രാജ്യത്തു ബ്ലാക്ക്മാർക്കറ്റുകൾ എവിടെയൊക്കെയാണു് നടക്കുന്നതെന്നു കണ്ടുപിടിക്കുവാൻ വളരെ അധികം വിഷമമുണ്ടു്. ബ്ലാക്ക്മാർക്കറ്റുകളിൽനിന്നു സാമാനം വാങ്ങിക്കുന്ന ആളുകൾക്കുമാത്രമേ അറിഞ്ഞുകൂടൂ അതു് എവിടെക്കൊക്കെ ആണെന്നു. ഇതിന്റെ ആവശ്യമില്ലാത്ത ആളുകൾക്കു അതു കണ്ടുപിടിക്കാൻ കഴിയുകയില്ല. സാധുക്കളായ ആളുകൾക്കു ബ്ലാക്ക്മാർക്കറ്റിൽനിന്നു സാധനങ്ങൾ വാങ്ങാൻ സാധിക്കുകയില്ലെന്നു എനിക്കറിയാം. അതുകൊണ്ടു ഭക്ഷണപദാർത്ഥങ്ങളുടെ നില ശരിയായി വരുന്നതുവരെ ഈ ഫെയർപ്രൈസ് ഷാപ്പുകൾ നിലനിറുത്തേണ്ടതത്യാവശ്യമാണു്. യുദ്ധമൊക്കെ കഴിഞ്ഞു ശരിയായ സാമ്പത്തികഘടന നിലവിൽ വരുന്നതുവരെ ഈ ഷാപ്പുകൾ ആവശ്യമാണു്.

പിന്നെ, കോ-ഓപ്പറേറ്റീവു് സൊസൈറ്റികളെ ഭക്ഷ്യപദാർത്ഥങ്ങളുടെ വിതരണകാര്യം ഏല്പിച്ചുകൊടുക്കണമെന്ന ഒരഭിപ്രായമുണ്ടായി. അതിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രായോഗികവശങ്ങളിൽ ചില ന്യൂനതകൾ ഇല്ലാതെയിരിക്കയില്ല. അവിടേയും ചില കരിഞ്ചന്തക്കാർ കടന്നുകൂടുമോ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. കോ-ഓപ്പറേറ്റീവു് സ്റ്റോറുകൾ സഹകരണ തത്വത്തിന്മേൽ നടത്തുവാനാണെങ്കിൽ അവക്കു് ഏല്പിച്ചുകൊടുക്കുന്നതിൽ തെറ്റില്ലെങ്കിലും അതിനുള്ള പരിതഃസ്ഥിതികൾ ഉണ്ടാകുന്നതുവരെ ഇന്നത്തെ ഫെയർപ്രൈസ് ഷാപ്പുകൾ അത്യാവശ്യമാണെന്നുള്ള അപേക്ഷയാണു് എനിക്കുള്ളതു്.

റാവുസാഹിബു് കെ. അയ്യപ്പൻ: സർ, ഈ നിയമസഭയിൽതന്നെ കൂടുതൽ കൂടുതൽ ഫെയർപ്രൈസ് ഷാപ്പുകൾ വെച്ചുകിട്ടണമെന്നവാദം കേൾക്കുകയുണ്ടായിട്ടുണ്ടു്. അന്നു ഗവർമ്മെണ്ടിൽനിന്നു പറഞ്ഞ മറുപടി ''ഇതിനുമുമ്പു കച്ചവടം ചെയ്തിരുന്ന ചില്ലറ കച്ചവടക്കാരെ തൊഴിലില്ലാത്തവരാക്കുന്ന ഒരു പ്രസ്ഥാനമായിട്ടല്ല ഫെയർപ്രൈസ് ഷാപ്പുകൾ തുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതെ''ന്നാണ്. ക്ഷേണസാധനങ്ങളും തീരെ കിട്ടാതെയിരുന്ന ഒരു കാലത്താണ് ഈ ഫെയർപ്രൈസ് ഷാപ്പുകളും തുടങ്ങിയതു്. ഈ ഷാപ്പുകളും ഇന്നു അത്ര അധികമൊന്നും ഇല്ല. ഈ ഷാപ്പുകളും തീരെ എടുത്തുകളഞ്ഞില്ലെങ്കിൽ അതുകൊണ്ടു് വലിയ ദോഷമൊന്നും വരാനില്ല.

പക്ഷെ അതിനു് പകരം മിസ്റ്റർ എഴത്തശ്ശൻ പറഞ്ഞതുപോലെ വല്ല സഹകരണസംഘങ്ങൾക്കു വിട്ടുകൊടുക്കുക ആണെങ്കിൽ തരക്കേടില്ല. എന്നാല്ല ഫെയർപ്രൈസ് ഷാപ്പുകളും ഇപ്പോൾ എടുത്തുകളയണമെന്നു തോന്നുന്നുണ്ടെങ്കിൽ അങ്ങിനെയുള്ള പരിതഃസ്ഥിതി സൃഷ്ടിച്ചതും അതിന്റെ പ്രവർത്തനം തന്നെയാണു്.

ഇനി പിന്നെ ഒന്നുപറയാനുള്ളതു ഇതിന്റെപേർ മാറ്റണമെന്ന അഭിപ്രായത്തെക്കുറിച്ചാണു്. ഈ ഫെയർ പ്രൈസ് ഷാപ്പുകളും ഉണ്ടാക്കിയ കാലത്തു വാസ്തവത്തിൽ ഫെയർ പ്രൈസ് എന്നു പറയാവുന്ന ഷാപ്പുകളും ഇതുകളും മാത്രമായിരുന്നു. ഈ ഷാപ്പിന്റെ പേർ മറ്റു കച്ചവടക്കാർക്കു ആക്ഷേപകരമായി തോന്നുന്നു വെന്നതാണെങ്കിൽ തന്നെ അങ്ങിനെ പറയാനിടയാക്കിയതുതന്നെ ഈ ഫെർ പ്രൈസ് ഷാപ്പുകളുടെ പ്രവർത്തനം മാത്രമാണെന്നുള്ള കഥ മറക്കരുതു്. ഇപ്പോൾ എല്ലാ ഷാപ്പുകളും ശരിക്കു ഫെയർ പ്രൈസ് ഷാപ്പുകളായി നടന്നസ്ഥിതിക്കു് ഗവർമ്മെൻറ് ഷാപ്പുകളുടെ പേരു മാറ്റിയില്ലെങ്കിലും തരക്കെടൊന്നും ഇല്ല. ഫെയർ പ്രൈസ് ഷാപ്പു് എന്നുള്ളതു ഒരു രൂഢനാമമായെ വരികയുള്ളു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഈ ഫെയർ പ്രൈസ് ഷാപ്പുകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതു മാറ്റുകയല്ലാതെ ഈ ഷാപ്പുകളും എടുത്തുകളയരുതു്. പിന്നെ അതിന്റെ പേർ മാറ്റണമെന്നുള്ള അഭിപ്രായത്തെപ്പറ്റി എനിക്കു ഒരു കാര്യമാണു ഓർമ്മവരുന്നതു്. അതായതു അയർലണ്ടിൽ ഒരാൾ "ഗ്രഡ് ഫിഷ് സോൾഡ് ഹിയർ" (Good fish sold here) എന്നെഴുതി അയാളുടെ മത്സ്യക്കച്ചവടസ്ഥലത്തു ഒരു ബോർഡു തൂക്കിയിരുന്നു. അതുകണ്ടു ഒരാൾ പറഞ്ഞു "നല്ല മത്സ്യമല്ലെ ഇവിടെ വില്ക്കുന്നതു, പിന്നെ എന്തിനു Good എന്നെഴുതിയിരിക്കുന്നു അതിന്റെ ആവശ്യമില്ല" അതു ശരിയാണെന്നുതോന്നി കച്ചവടക്കാരൻ Good എന്നുള്ളതു് മായ്ക്കുകളഞ്ഞു "Fish sold here" എന്നെഴുതിവെച്ചു അതു കഴിഞ്ഞപ്പോൾ വേറൊരാൾ പറഞ്ഞു. എന്തിനാണാ "sold here"എന്നെഴുതിയിരിക്കുന്നതു്; ഇവിടെവെച്ചല്ലെ വില്ക്കുന്നതു്; അതു എഴുതാതെതന്നെ അറിയരുതോ? എന്നു്. ഉടനെ അതു മാറ്റിവെച്ചു "Fish" എന്നു മാത്രമാക്കി. അതിനുശേഷം പിന്നൊരാൾ ചോദിച്ചു "ഇവിടെ വന്നാൽതന്നെ മണം കൊണ്ടറിയാം ഫിഷ്താണു ഇവിടെ വില്ക്കുന്നതെന്നു്, പിന്നെന്തിനു Fish എന്നെഴുതിവെച്ചിരിക്കുന്നു"വെന്നു്. കച്ചവടക്കാരനു് അതും ശരിയാണെന്നു തോന്നി ഫിഷ് എന്നെഴുതിയിരുന്നതും മായ്ക്കുകളഞ്ഞു ഒടുവിൽ ബോർഡുമാത്രമായി. ഇങ്ങനെയുള്ളോരു വിശ്വിത്തം ഗവർമ്മെണ്ടിനു് പറ്റരുതെന്നു മാത്രമെ ഫെയർ പ്രൈസ് ഷാപ്പിന്റെ പേർ മാറ്റത്തെക്കുറിച്ചു എനിക്കു പറയാനുള്ളു. അതുകൊണ്ടു പേരിനു പ്രാധാന്യം കൊടുക്കാതെ പ്രവർത്തനത്തിൽ പിഴവുകളുണ്ടെങ്കിൽ അതു നീക്കം ചെയ്യുക.

Rao Sahib M. M. Paul *(Director of Food Supplies):* Sir, the policy of the Government, as has been announced here already is not at all to increase the shops but to maintain them, so long as they are necessary. Wherever it is found that we can get on without these shops we will abolish them. From the experience so far gained it can be safely said, that the existence of Fair Price Shops one in each Panchayat and a sufficient number in the towns has a very salutary effect in the proper working of the rationing scheme. Before the opening of these Fair Price Shops the wholesalers and retailers were attending to the work of distribution of rice, etc., under licenses issued by the Government. But when the rice position became acute, the merchants taking full advantage of the situation began to profiteer which forced us to find out other agencies for making food available to all alike and so the Fair Price Shops were opened. They serve as models to the licensed private retail shops in the neighbouring area and aid the public in detecting any fraud on the part of the private retailers in regard to the quality, quantity or the price of the commodities issued there from by comparing them in all these respects with the dealings of the Fair Price Shops. Again the Fair Price Shops serve as a threat to private retailers that if they fail to function properly they would be removed and the cards allotted to the Fair Price Shops even though there are no retailers ready to function in their place. Another difficulty is that the private retailers often show the greatest reluctance to stock commodities which do not give them a large margin of profit. It is as a result of pressure exerted frequently during the course of inspection by the officers of the Department that they are made to stock all the necessary articles sold by the

LIBRARY ARCHIVES Kerala Legislative Assembly

Government. Very often the public are not even aware of the fact of the sale of some of the articles such as pulses, etc., by the Government. When these articles are sold from Government shops situated in various villages the news easily spreads to the neighbouring areas which gives an occasion to the public to complain about the non-availability of such articles with the private retailers. It is also the experience of this Department that with an equal quantity of rationed commodity it is ordinarily possible to cater to a larger number of persons when it is handled by the Government shops. There is also greater scope or collusion between the consumers and the retailers when the sales are from a private licensed shop. For this reason sugar which is one of the rationed articles is being handled by Government shops only. In view of the very limited quota of sugar available to us there is great need to handle it with extreme care. As sugar is a commodity which is not used by all alike there is every likelihood of its going into the black-market by collusion between the retailer and the consumer who may not require it for his use. Hence for such purposes also the service of Government shops are essential.

In some places there are real difficulties to get suitable and reliable retailers for conducting the shops either because of the poor sales or of the more lucrative operations they are otherwise engaged in. The existence of Government Fair Price shops are therefore necessary in such places. There are some places where there are faction and party spirit and the selection of retailers is hence very difficult. About a year ago there was a situation at Palayannur, Thiruvilwamala and its suburbs where the retailers resigned one by one and there was no one willing to come in their places. It is then the Fair Price Shops that helped us to meet the situation. The existence of Fair Price shops is therefore necessary for the efficient working of the rationing scheme.

Then with regard to the suggestion made by the Hon'ble Member for Urakam I can assure the Hon'ble Members that we are issuing licenses to Co-operative Societies. There are now 35 Societies. Licenses are issued to these Societies on the recommendation of the Co-operative Registrar according to their financial capacity to run the shops. Some of these shops to which we originally issued licenses, sold their right to some other private institutions. Now we are issuing licenses on the recommendation of the Co-operative Registrar to the Co-operative Societies from which applications are received and we are prepared to extend the number to as many as possible.

Cut motion, by leave, withdrawn

The House rose for the day at 5 p.m.

N. S. RADHAKRISHNA SARMA

Secretary to the Council

APPENDIX

1118

The dispensary at Kattur was the only one not visited besides the grant-in-aid dispensaries at Chelakkara, Malayattur, Cheruthuruthi, Kumbalam, Vadavucode, Olur, Varandarappilli, Desamangalam and Elanad

1119

The dispensary at Ayyampilli and the grant-in-aid dispensaries at Malayattur, Vadavukode, Varandarappilli and Elanad.

1120

The dispensary at Kandakkadavu and the grant-in-aid dispensaries at Malayattur, Chennamangalam, Kumbalam and Varandarappilli.

LIBRARY ARCHIVES Kerala Legislative Assembly